പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3771 21.06.2018 ൽ മറുപടിക്ക്.

## നികുതി വകുപ്പിലെ ഡ്രൈവർ തസ്തിക

| ചോദ്യം<br>ശ്രീ.എം.വിൻസെന്റ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിലെ നികുതി വകുപ്പിന് സ്വന്തമായി എത്ര ലൈറ്റ് വാഹനങ്ങൾ ഉണ്ടെന്നും എത്ര ലൈറ്റ് വെഹിക്കിൾ ഡ്രൈവർ തസ്തിക ഉണ്ടെന്നും വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന് 246 വാഹനങ്ങൾ സ്വന്തമായി ഉണ്ട്. വകുപ്പിൽ 131 ലൈറ്റ് വെഹിക്കിൾ ഡ്രൈവർ സ്ഥിരം തസ്തിക ഉണ്ട്. |
| (ബി) | ഈ വകുപ്പിന്റെ കീഴിൽ എത്ര സ്ഥിരം ലൈറ്റ് വെഹിക്കിൾ ഡ്രൈവർമാരും താൽക്കാലിക ലൈറ്റ് വെഹിക്കിൾ ഡ്രൈവർമാരും ജോലി ചെയ്തുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | വകുപ്പിൽ 119 സ്ഥിരം ലൈറ്റ് വെഹിക്കിൾ ഡ്രൈവർമാരും 127 താൽക്കാലിക ലൈറ്റ് വെഹിക്കിൾ ഡ്രൈവർമാരും ജോലി ചെയ്തുവരുന്നു. |
| (സി) | ഒരു വാഹനം അനുവദിക്കുമ്പോൾ ഡ്രൈവർ തസ്തിക അനുവദിക്കാത്തത് എന്തുകൊണ്ട്; വ്യക്തമാക്കുമോ; | (സി & ഡി) | വകുപ്പിൽ 145 ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിൽ വന്നിരുന്നുവെങ്കിലും അധിക വാർഷിക സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്ത് നിലവിലെ സ്ഥിതി തുടരുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ഡി) | ഒരു വാഹനം അനുവദിക്കുമ്പോൾ ഒരു ഡ്രൈവർ തസ്തിക അനുവദിക്കണമെന്ന സർക്കാർ ഉത്തരവ് G.O. (MS) No/42/88/P&ARD നിലവിലുള്ള സാഹചര്യത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ ഒഴിവാക്കി നിലവിലുള്ള പി.എസ്.സി ലിസ്റ്റിൽ നിന്ന് നിയമനം നടത്താൻ തയ്യാറാകുമോ? | | |

സെക്ഷൻ ഓഫീസർ